ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.03.2024**

## പ്രധാനവാർത്തകൾ

1. **2024 ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള തീയതി പ്രഖ്യാപിച്ചു. വോട്ടെടുപ്പ് ഏഴ് ഘട്ടങ്ങളായി. കേരളം ഏപ്രിൽ 26 ന് പോളിങ് ബൂത്തിലേക്ക്. വോട്ടെണ്ണൽ ജൂൺ നാലിന്.**

2. **തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ ഇന്ന് മുതൽ രാജ്യത്ത് മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നു ; തെരഞ്ഞെടുപ്പിന് രാജ്യം പൂർണ സജ്ജമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ.**

3. **നാല് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിന്റെയും 26 നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിന്റെയും തീയതികളും പ്രഖ്യാപിച്ചു.**

4. **ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായുള്ള കോഡ് ഗ്രേ പ്രോട്ടോകോൾ കേരളത്തിൽ യാഥാർഥ്യമായതായി ആരോഗ്യമന്ത്രി വീണാ ജോർജ്ജ്.**

5. **ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് സെമിയിൽ ഇന്ത്യയുടെലക്ഷ്യ സെൻ ഇന്തോനേഷ്യയുടെ ജോനാഥൻ ക്രിസ്റ്റിയെ നേരിടും.**

****************************************

RNUTVPM

## ഹെഡ്‌ലൈൻ-1

## ലോക്സഭ തിരഞ്ഞെടുപ്പ് 1 - രാജ്യം

2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള തീയതി പ്രഖ്യാപിച്ചു. 7 ഘട്ടങ്ങളായിട്ടാണ് രാജ്യത്ത് തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാവുക. ഏപ്രിൽ 19ന് തമിഴ്നാട്, രാജസ്ഥാൻ, ഛത്തീസ്ഗഢ് കൂടാതെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നടക്കുന്ന ഒന്നാം ഘട്ടം തിരഞ്ഞെടുപ്പോടെ രാജ്യത്ത് പൊതു തിരഞ്ഞെടുപ്പിന് നാന്ദി കുറിക്കും. ആദ്യ ഘട്ടത്തിൽ 102 ലോക്സഭാ മണ്ഡലങ്ങളിൽ ആണ് വോട്ടെടുപ്പ് നടക്കുക. കേരളമുൾപ്പെടുന്ന രണ്ടാം ഘട്ടത്തിൽ 13 സംസ്ഥാനങ്ങളിലെ 89 മണ്ഡലങ്ങളിലും മൂന്നാമത്തെ ഘട്ടത്തിൽ 94 മണ്ഡലങ്ങളിലും, നാലാം ഘട്ടത്തിൽ 96 മണ്ഡലങ്ങളിലും അഞ്ചാം ഘട്ടത്തിൽ 49 മണ്ഡലങ്ങളിലും ആറാം ഘട്ടത്തിലും ഏഴാം ഘട്ടത്തിലും 57 വീതം മണ്ഡലങ്ങളിൽ വോട്ടെടുപ്പ് നടക്കും. ആകെ 543 ലോക്സഭാ മണ്ഡലങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ്. ജൂൺ നാലിനാണ് വോട്ടെണ്ണൽ. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ രാജ്യത്ത് മാതൃക പെരുമാറ്റ ചട്ടം നിലവിൽ വന്നു. ഇന്ന് ഉച്ചയ്ക്ക് ശേഷം മൂന്ന് മണിക്ക് ന്യൂ ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറാണ് തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചത്. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായാ ഗ്യാനേഷ് കുമാറും സുഖ്ബീർ സിംഗ് സന്ധുവും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറോടൊപ്പം സന്നിഹിതരായായിരുന്നു. മാർച്ച് 28ന് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് കമ്മീഷൻ അറിയിച്ചു.

*****************************************

RNUTVPM

## ഹെഡ്‌ലൈൻ-1എ

**തിരഞ്ഞെടുപ്പ് 2 - കേരളം**

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് ഏപ്രിൽ 26 ന് ഒറ്റ ഘട്ടമായി നടക്കും. തിരഞ്ഞെടുപ്പ് പ്രക്രിയയിലെ രണ്ടാം ഘട്ടത്തിലാണ് കേരളത്തിലെ ലോക്സഭാ തിരഞ്ഞെടുപ്പ്. കേരളത്തിൽ പത്രികാ സമർപ്പണത്തിനുള്ള അവസാന ദിവസം ഏപ്രിൽ 4, സൂക്ഷ്മ പരിശോധന ഏപ്രിൽ അഞ്ചിന് നടക്കും. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഏപ്രിൽ 8 ആണ്. കേരളത്തിൽ ഇരുപത് ലോക്സഭാ മണ്ഡലങ്ങളാണ് ജനവിധി തേടുന്നത്.

****************************************

## ഹെഡ്‌ലൈൻ-3

**തിരഞ്ഞെടുപ്പ് 3 - സംസ്ഥാനം / ബൈ ഇലക്ഷൻ**

ലോക്സഭാ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപനത്തിനൊപ്പം നാല് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള തീയതിയും, 26 നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിന്റെ തീയതിയും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. സിക്കിം, ഒഡിഷ, ആന്ധ്ര പ്രദേശ്, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചത്. അരുണാചൽ പ്രദേശ്, സിക്കിം സംസ്ഥാനങ്ങൾ ഏപ്രിൽ 19 നും, ആന്ധ്രാ ഒഡീഷ സംസ്ഥാനങ്ങൾ മെയ് 13 നും നിയമസഭകളിലേക്കുള്ള ജനവിധി തേടും. വിവിധ സംസ്ഥാനങ്ങളിലെ 26 നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി നടക്കും.

****************************************

RNU TVPM

## ഹെഡ്‌ലൈൻ-2

## ലോക്‌സഭാ - ജനറൽ ഇൻട്രോ

പതിനേഴാം ലോക്‌സഭയുടെ കാലാവധി ജൂൺ 16 ന് അവസാനിക്കുന്ന പശ്ചാത്തലത്തിൽ ഏഴു ഘട്ടങ്ങളിലായി നടക്കാനിരിക്കുന്ന ലോക്‌സഭാ തിരഞ്ഞെടുപ്പ് ഏപ്രിൽ 19 ന് ആരംഭിക്കും. തെരഞ്ഞെടുപ്പിന് രാജ്യം പൂർണ സജ്ജമാണെന്നും എല്ലാ സംസ്ഥാനങ്ങളിലും സന്ദർശനം നടത്തി എല്ലാ ഒരുക്കങ്ങളും നേരിട്ട് കണ്ട് വിലയിരുത്തിയതായി മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്...**

**(വോയിസ്)**

*തെരഞ്ഞെടുപ്പ് കാലം രാജ്യത്തിൻറെ അഭിമാനം എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ മുദ്രാവാക്യം. രാജ്യത്താകെ 96.8 കോടി വോട്ടർമാരിൽ 49.7 കോടി പുരുഷന്മാരും 47.1 കോടി സ്ത്രീ വോട്ടർമാരുമാണുള്ളത്. 48,000 ട്രാൻസ് ജൻഡർ വോട്ടർമാർ ഇത്തവണ സമ്മതിദാനാവകാശം വിനിയോഗിക്കും. രാജ്യത്തെ യുവ വോട്ടർമാർ 19.74 കോടി പേരാണ്. കൂടാതെ 1.8 കോടി വോട്ടർമാർ ഇത്തവണ ആദ്യമായി ജനാധിപത്യ പ്രക്രിയയിൽ ഭാഗമാകും. കന്നി വോട്ടർമാരിൽ 85 ലക്ഷം പേർ പെൺകുട്ടികളാണ്. തിരഞ്ഞെടുപ്പിലേക്കായി 10.5 ലക്ഷം പോളിംഗ് ബൂത്തുകളും 55 ലക്ഷം ഇ വി എമ്മുകളുമാണ് രാജ്യത്താകെ സജ്ജീകരിച്ചിട്ടുള്ളത്. ബൂത്തുകളിൽ വോട്ടർമാരുടെ സൗകര്യാർത്ഥം കുടിവെള്ളവും ശൗചാലയവും ഉറപ്പാക്കുമെന്നും, അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ കർശന സുരക്ഷ ഏർപ്പെടുത്തുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. കൂടാതെ 85 വയസ്സിന് മുകളിലുള്ളവർക്കും 40 ശതമാനത്തിലേറെ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും വോട്ട് ഫ്രം ഹോം സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇലക്ട്രോണിക്*

RNU TVPM

*വോട്ടർ ലിസ്റ്റ് ഉപയോഗിച്ചുകൊണ്ട് പേപ്പർ ഉപയോഗം പരമാവധി കുറയ്ക്കുമെന്നും, know യുവർ ക്യാൻഡിഡേറ്റ് ആപ്പിലൂടെ സ്ഥാനാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കും. സുഗമവും കുറ്റമറ്റതുമായ തിരഞ്ഞെടുപ്പ് ഉറപ്പുവരുത്തുന്നതിനായി കർശന നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. കൂടാതെ റയിൽവേ സ്റ്റേഷനുകളിൽ പരിശോധന കർശനമാക്കും. ഓൺലൈൻ പണമിടപാടുകളും സമൂഹമാധ്യമങ്ങളും നിരീക്ഷിക്കും. വ്യാജ വാർത്തകൾക്കെതിരെ കർശന നടപടിയുണ്ടാകും. പ്രശ്നബാധിത, പ്രശ്നസാധ്യതാ ബൂത്തുകളിൽ വെബ് കാസ്റ്റിംഗ് നടത്തും. അതിർത്തികളിൽ ഡ്രോൺ നിരീക്ഷണവും ആക്രമണങ്ങൾ തടയാൻ കേന്ദ്ര സേനയെ വിന്യസിക്കുമെന്നും അദ്ദേഹം പറഞ്ഞു.*

***ന്യൂസ് ഡെസ്ക് ആകാശവാണി...***

RNU TVPM

**************************************

**റേഷൻ മസ്റ്ററിങ്**

സംസ്ഥാനത്ത് ഇന്നും റേഷൻ മസ്റ്ററിംഗ് നിർത്തിവച്ചു. സാങ്കേതികതകരാർ പൂർണ്ണമായും പരിഹരിച്ച ശേഷം വീണ്ടും തുടങ്ങുമെന്ന് മന്ത്രി ജി.ആർ.അനിൽ പറഞ്ഞു. റേഷൻ മസ്റ്ററിംഗുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് എൻ.ഐ.സിയ്ക്കും ഐ.ടി മിഷനും കൂടുതൽ സമയം വേണ്ടിവരുന്നതിനാലാണ് മസ്റ്ററിംഗ് നിർത്തിവെച്ചത്. റേഷൻ വിതരണം എല്ലാ കാർഡുകാർക്കും സാധാരണ നിലയിൽ നടക്കും.

**************************************

## ഹെഡ്‌ലൈൻ-5

**ബാഡ്മിൻറൺ**

ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൻറെ പുരുഷ സിംഗിൾസ് സെമിഫൈനലിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഇന്തോനേഷ്യയുടെ ജോനാഥൻ ക്രിസ്റ്റിയെ നേരിടുന്നു. ഇംഗ്ലണ്ടിലെ ബിർമിംഗ്ഹാമിലാണ് മത്സരം.

*************************************

## ഹെഡ്‌ലൈൻ-4

**കോഡ് ഗ്രേ പ്രോട്ടോകോൾ (ഇൻട്രോ)**

സംസ്ഥാനത്തെ ആരോഗ്യ പ്രവർത്തകരുടേയും രോഗികളുടേയും ആശുപത്രികളുടേയും സുരക്ഷിതത്വം ഉറപ്പാക്കാനുള്ള കോഡ് ഗ്രേ പ്രോട്ടോകോൾ ആരോഗ്യ വകുപ്പ് പുറത്തിറക്കി. വികസിത രാജ്യങ്ങളിലുള്ള പ്രോട്ടോകോളുകളുടെ മാതൃകയിലാണ് സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ കോഡ് ഗ്രേ പ്രോട്ടോകോൾ ആവിഷ്ക്കരിച്ചതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

RNUTVPM

**ഒരു റിപ്പോർട്ട്.....**

**(വോയിസ്)**

*സുരക്ഷ ഉറപ്പാക്കാൻ മുൻകൂട്ടി ചെയ്യേണ്ട പ്രവർത്തനങ്ങൾ, അതിക്രമം ഉണ്ടായാൽ സുരക്ഷ ഉറപ്പാക്കാനായുള്ള നടപടിക്രമങ്ങൾ, റിപ്പോർട്ടിംഗ്, തുടർപ്രവർത്തനങ്ങൾ എന്നിവ വിശദമായി പ്രതിപാദിക്കുന്നതാണ് കോഡ് ഗ്രേ പ്രോട്ടോകോൾ. ഇതോടൊപ്പം ജീവനക്കാർക്ക് മാനസിക പിന്തുണ ഉറപ്പാക്കാനും നിയമ പരിരക്ഷ ഉറപ്പാക്കാനുമുള്ള നിർദേശങ്ങളും പ്രോട്ടോകോളിലുണ്ട്. പോലീസിലെയും ആരോഗ്യ വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ശിൽപശാല സംഘടിപ്പിച്ചാണ് കോഡ് ഗ്രേ*

*പ്രോട്ടോകോളിന് രൂപം നൽകിയത്. പ്രോട്ടോകോൾ നടപ്പിലാക്കാൻ ആരോഗ്യ പ്രവർത്തകർക്കും സുരക്ഷാ ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകുമെന്നും, പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വീണ ജോർജ് വ്യക്തമാക്കി.*
***ന്യൂസ് ഡെസ്ക് ആകാശവാണി....***

****************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

****************************************

## ലക്ഷദ്വീപ് - പെട്രോൾ

ലക്ഷദ്വീപിൽ പെട്രോൾ ഡീസൽ വിലയിൽ വൻ കുറവ് .
അന്ത്രോത്തിലിലും കാൽപേനിയിലും ലിറ്ററിന് 15.3 രൂപയും
കവരത്തിയിലും മിനിക്കോയിലും 5.2 രൂപയും കുറയും.

****************************************

## അങ്കണവാടി മെഡിസിൻ കിറ്റ്

സംസ്ഥാനത്തെ അങ്കണവാടികൾക്കുള്ള മെഡിസിൻ കിറ്റ് വിതരണോദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു. അങ്കണവാടി സർവീസസ് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 33,115 അങ്കണവാടികൾക്കാണ് പ്രഥമ വൈദ്യ

ശുശ്രൂഷ ഇനത്തിൽപ്പെട്ട 12 ഇനങ്ങളടങ്ങിയ മെഡിസിൻ കിറ്റ് വാങ്ങി വിതരണം ചെയ്യുന്നത്.

***************************************

## ലീവ് സറണ്ടർ

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 2024–25 ലെ ലീവ് സറണ്ടർ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും ജിപിഎഫ് ഇല്ലാത്തവർക്കും ആനുകൂല്യം പണമായി ലഭിക്കും. മറ്റുള്ളവർക്ക് പിഎഫിൽ ലയിപ്പിക്കും.

***************************************

## എൻ എച്ച് എം ആശ പ്രവർത്തകർ-ശമ്പളം

എൻഎച്ച്എം, ആശ പ്രവർത്തരുടെ ശമ്പളവും ഹോണറേറിയവും വിതരണം ചെയ്യാൻ 40 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചു.

RNU TVPM

***************************************

## ക്ഷേമ പെൻഷൻ

സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്നതിന് സംഘങ്ങൾക്കുള്ള ഇൻസെൻറിവ് 12.88 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ വിതരണത്തിനുള്ള തുകയാണിത്.

***************************************

## കനിവ് 108 ആംബുലൻസ്

കനിവ് 108 ആംബുലൻസിന്റെ സേവനം ശക്തമാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ സജ്ജമാക്കിയ പുതിയ മൊബൈൽ അപ്ലിക്കേഷന്റെ ട്രയൽ റൺ ആരംഭിച്ചു. 108 ആംബുലൻസിന്റെ സേവനം മൊബൈൽ അപ്ലിക്കേഷൻ വഴി ലഭ്യമാകുന്ന തരത്തിലാണ് ആപ്പ് രൂപകൽപന ചെയ്തിരിക്കുന്നത്. ട്രയൽ റൺ വിജയകരമാക്കി ജൂൺ മാസത്തിൽ ആപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാകും.

*

************

**************************************************

RNU TVPM